ജനയുഗം
JANAYUGOM

05 August 2023


# മത്സ്യോല്പാദനം കൂട്ടാൻ 3477 മത്സ്യഗ്രാമങ്ങളിൽ കൃത്രിമ പാര് നിക്ഷേപത്തിന് കേന്ദ്രം

## ◆ രാജ്യവ്യാപക ബോധവൽക്കരണ പരിപാടിക്ക് തുടക്കം

കൊച്ചി: രാജ്യത്തെ 3477 മത്സ്യഗ്രാമങ്ങളിൽ കടലിൽ കൃത്രിമ പാര് (ആർട്ടിഫിഷ്യൽ റീഫ്) നിക്ഷേപിക്കാനുള്ള കേന്ദ്ര സർക്കാരിന്റെ പദ്ധതിക്ക് സാങ്കേതികസഹായമൊരുക്കി കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സിഎംഎഫ്ആർഐ). പദ്ധതി നടപ്പിലാക്കുന്നതിന് മുന്നോടിയായി രാജ്യത്തുടനീളം നടത്തുന്ന ബോധവൽക്കരണ പരിപാടികൾക്ക് കേരളത്തിൽ തുടക്കമായി. മത്സ്യോല്പാദനം വർധിപ്പിക്കാൻ സഹായകരമാകുന്ന കൃത്രിമ പാരുമായി ബന്ധപ്പെട്ട് മത്സ്യത്തൊഴിലാളികളെ ബോധവൽക്കരണം നടത്തുകയും പാരുകൾ നിക്ഷേപിക്കുന്നതിന് അനുയോജ്യമായ സ്ഥലം തിരഞ്ഞെടുക്കുന്നതിനുമാണിത്. സംസ്ഥാന സർക്കാരുകളുമായി സഹകരിച്ച് കേന്ദ്ര ഫിഷറീസ് വകുപ്പാണ് പദ്ധതി നടപ്പിലാക്കുന്നത്.

സംസ്ഥാനത്ത് പദ്ധതിയുടെ നടത്തിപ്പുകാരായ കേരള സംസ്ഥാന തീരദേശ വികസന കോർപറേഷന്റെ സംഘാടനത്തിൽ തിരുവനന്തപുരം ജില്ലയിലെ അഞ്ചിടങ്ങളിൽ ശില്പശാല നടന്നു. ആദ്യഘട്ടത്തിൽ നടപ്പിലാക്കുന്ന 42 ഗ്രാമങ്ങളിലെ മത്സ്യത്തൊഴിലാളി പ്രതിനിധികളാണ് ശില്പശാലകളിൽ പങ്കെടുത്തത്. ചൊവ്വ മുതൽ വെള്ളി വരെ പൂന്തുറ, വെട്ടുകാട്, പെരുമാതുറ, കായിക്കര, വിഴിഞ്ഞം എന്നിവിടങ്ങളിലാണ് ശില്പശാല നടന്നത്.

കേരളത്തിലാകെ 220 മത്സ്യഗ്രാമങ്ങളിലാണ് കൃത്രിമ പാര് നിക്ഷേപിക്കാൻ ഉദ്ദേശിക്കുന്നത്. പ്രത്യേക ശാസ്ത്രീയ മാതൃകയിൽ നിർമ്മിക്കുന്നതാണ് കൃത്രിമ പാര്. കടലിൽ നിക്ഷേപിക്കുന്ന പാരുകൾ സസ്യ-ജന്തുജാലങ്ങൾ തഴച്ച് വളരാനും മീനുകൾക്ക് അനുയോജ്യമായ ആവാസവ്യവസ്ഥ ഒരുക്കാനും വഴിയൊരുക്കും.



കൃത്രിമ പാര് നിക്ഷേപിക്കുന്നതിന്റെ ദൃശ്യം- ഫയൽ ചിത്രം

കേന്ദ്രസർക്കാരിന്റെ പ്രധാനമന്ത്രി മത്സ്യ സമ്പദാ യോജനയുടെ കീഴിലാണ് പദ്ധതി. ചിലവിന്റെ 60 ശതമാനം കേന്ദ്രവും 40 ശതമാനം സംസ്ഥാന സർക്കാരുകളും വഹിക്കും. മത്സ്യത്തൊഴിലാളികൾക്ക് പരിശീലനവും സാങ്കേതികനിർദേശം നൽകാനുമുള്ള ചുമതല സിഎംഎഫ്ആർഐക്കാണ്.

നിലവിൽ, കേരളത്തിലുൾപ്പെടെ 132 ഇടങ്ങളിലായി 37 ലക്ഷം ചതുരശ്രമീറ്ററിൽ രാജ്യത്താകെ സിഎംഎഫ്ആർഐയയുടെ മേൽനോട്ടത്തിൽ കൃത്രിമ പാരുകൾ നിക്ഷേപിച്ചിട്ടുണ്ട്. ഇവിടങ്ങളിൽ 17 മുതൽ 30 ശതമാനം വരെ മത്സ്യോല്പാദനം കൂട്ടാൻ ഇതുവഴി സാധിച്ചതായാണ് സിഎംഎഫ്ആർഐയുടെ കണ്ടെത്തൽ.

സിഎംഎഫ്ആർഐയുടെ നേതൃത്വത്തിൽ തമിഴ്നാട്, ആന്ധ്രാപ്രദേശ്, ഗുജറാത്ത് എന്നീ സംസ്ഥാനങ്ങളിൽ കൃത്രിമപാരുകൾ നിക്ഷേപിച്ചത് വൻവിജയമായതോടെയാണ് രാജ്യത്തുടനീളം ഈ പദ്ധതി നടപ്പിലാക്കാൻ കേന്ദ്ര ഫിഷറീസ് മന്ത്രാലയം തീരുമാനിച്ചത്. പാരുകൾ സ്ഥാപിക്കുന്നതിനുള്ള സ്ഥലനിർണയം, ഇവയുടെ മാതൃക, നിർമ്മാണം, പാര് നിക്ഷേപം, ആഘാതപഠനം എന്നിവയ്ക്കുള്ള പ്രോട്ടോകോൾ സിഎംഎഫ്ആർഐ വികസിപ്പിച്ചിട്ടുണ്ടെന്ന് ഡയറക്ടർ ഡോ. എ ഗോപാലകൃഷ്ണൻ പറഞ്ഞു. സിഎംഎഫ്ആർഐയിലെ പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ. ജോ കെ കിഴക്കുടന്റെ നേതൃത്തിലാണ് രാജ്യവ്യാപകമായ മത്സ്യത്തൊഴിലാളി ബോധവൽക്കരണപരിപാടികൾ നടക്കുന്നത്.

ഈ മാസം അവസാനത്തോടെ ഇന്ത്യയിലെ എല്ലാ തീരദേശസംസ്ഥാനങ്ങളിലും ബോധവൽക്കരണ ശില്പശാലകൾ പൂർത്തീകരിക്കും.